**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2046** **06-07-2022 - ൽ മറുപടിയ്ക്ക്**

**ആശ്രിത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | ആഭ്യന്തര വകുപ്പിൽ നിന്നും വിവിധ വകുപ്പുകളിലേക്ക് ആശ്രിത നിയമനത്തിന് അപേക്ഷ നൽകിയവരുടെ അപേക്ഷ പരിഗണിക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | <u>(എ) യും (ബി) യും (സി) യും</u><br><br>24.05.1999 ലെ സ.ഉ.(പി) നം.12/99/ഉ.ഭ.പ.വ പ്രകാരം ആശ്രിത നിയമനം ഒരു തസ്തികയിൽ ഒരു വർഷം ഉണ്ടാകുന്ന ഒഴിവിന്റെ 5% ആയി നിജപ്പെടുത്തിയിട്ടുണ്ട്. പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ ഇത് 10% ആയും നിജപ്പെടുത്തിയിട്ടുണ്ട്. ആശ്രിത നിയമനം നിശ്ചിത ശതമാനത്തിനു മുകളിൽ നൽകാൻ പാടില്ലെന്ന് കാലാകാലങ്ങളിൽ കോടതി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആഭ്യന്തര വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ ആശ്രിത നിയമനം ആവശ്യപ്പെട്ട് സമർപ്പിക്കുന്ന അപേക്ഷകളിൽ യഥാസമയം നിയമനം നൽകി വരുന്നുണ്ട്. എന്നാൽ മറ്റ് തസ്തികകളിൽ ഒഴിവുകളുടെ പരിമിതി കാരണവും ബഹു.കോടതിയുടെ പരിഗണനയിലുള്ള കേസുകൾ പരിഗണിക്കുമ്പോഴും അവകാശികൾ തമ്മിൽ തർക്കമുള്ള കേസുകളിലും മറ്റും നിയമനം നൽകാൻ കാലതാമസം നേരിടാറുണ്ട്. |
| (ബി) | ആയത് പരിഹരിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ; | (ബി) | മറുപടി 'എ' യിൽ നൽകിയിരിക്കുന്നു |
| (സി) | മറ്റ് വകുപ്പുകളിൽ ആശ്രിത നിയമനം ഒരു വർഷത്തിനുള്ളിൽ നടക്കുമ്പോൾ ആഭ്യന്തര വകുപ്പിൽ ആശ്രിത നിയമനം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; | (സി) | മറുപടി 'എ' യിൽ നൽകിയിരിക്കുന്നു |
| (ഡി) | ആഭ്യന്തര വകുപ്പിൽ നിന്നും ആശ്രിത നിയമനത്തിന് അപേക്ഷ നൽകിയവരുടെ ലിസ്റ്റ് നൽകാമോ? | (ഡി) | അപേക്ഷ സമർപ്പിച്ചവരുടെയും നിയമനത്തിന് കാത്തിരിക്കുന്നവരുടെയും ലിസ്റ്റ് ക്രോഡീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ